<u>**പതിമൂന്നാം കേരള നിയമസഭ**</u>
<u>**പതിമൂന്നാം സമ്മേളനം**</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 471

10.03.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനങ്ങൾ

<u>**ചോദ്യം**</u>

ശ്രീ.കെ.രാധാകൃഷ്ണൻ

<u>**ഉത്തരം**</u>

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് കമ്മീഷനെ നിയമിച്ചതെന്നാണെന്ന വ്യക്തമാക്കുമോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30.11.2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 12.06.2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 218/2014/ധന ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 04.12.2014 വരെയും 29.11.2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 521/2014/ധന പ്രകാരം 30.06.2015 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ശമ്പള പരിഷ്കരണ കമ്മീഷന്റെ ഇതേവരെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | : | ശമ്പള പരിഷ്കരണം സംബന്ധിച്ച് കമ്മീഷൻ പ്രാഥമിക പഠനം നടത്തുകയും തുടർന്ന് ചോദ്യാവലി തയ്യാറാക്കി വകുപ്പദ്ധ്യക്ഷൻമാർക്കും സംഘടനകൾക്കും നൽകുകയും വിശദമായ പ്രൊപ്പോസലുകളും മെമ്മോറാണ്ടങ്ങളും നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതേത്തുടർന്ന് ലഭിച്ച നിർദ്ദേശങ്ങളും പരാതികളും കമ്മീഷൻ വിശദമായി പരിശോധിച്ചു. തുടർന്ന് 2014 ഡിസംബർ 2-ാം തീയതി മുതൽ സംഘടനകളുമായി ചർച്ച ആരംഭിച്ചു. 2015 മാർച്ച് മാസം ആദ്യവാരം വരെ വിവിധ വകുപ്പുകളിലെ 245-ഓളം സംഘടനകളുമായി കമ്മീഷൻ ചർച്ച നടത്തിക്കഴിഞ്ഞു. കേന്ദ്ര ശമ്പള പരിഷ്കരണ കമ്മീഷൻ, ഡൽഹി ഭരണകൂടം, ആന്ധ്രാ സംസ്ഥാനത്തെ ധനകാര്യ വകുപ്പ് എന്നിവയുമായി 2015 ഫെബ്രുവരി മാസം രണ്ടാം വാരം കമ്മീഷൻ ചർച്ച നടത്തുകയുണ്ടായി. സംഘടനകളുമായുള്ള ചർച്ചകൾ പൂർത്തിയായ ശേഷം വകുപ്പ മേധാവികളുമായും കമ്മീഷൻ ചർച്ച നടത്തേണ്ടതുണ്ട്. മെഡിക്കൽ ഇൻഷ്വറൻസ്, IT Enabled Services തുടങ്ങിയ പ്രത്യേക വിഷയങ്ങൾ അതുമായി ബന്ധപ്പെട്ട വിദഗ്ധ ഏജൻസികൾ, വ്യക്തികൾ എന്നിവയുമായും കമ്മീഷൻ ചർച്ചകൾ നടത്തി വരികയാണ്. ഇവയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം പൂർത്തിയാക്കി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ തന്നെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കമ്മീഷൻ എപ്പോൾ റിപ്പോർട്ട് സമർപ്പിക്കുമെന്ന വ്യക്തമാക്കുമോ; | : | |
| (ഡി) | കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഞ്ചുവർഷതത്വം ഉറപ്പാക്കി 1.7.2014 മുതൽ പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | : | ശമ്പള പരിഷ്കരണത്തിന് മുൻകാല പ്രാബല്യം എന്ന് നൽകണമെന്നതിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**